വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനം

137 (203) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥാപിക്കുന്ന വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനത്തിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർവ്വകലാശാലയുടെ കീഴിൽ എന്തൊക്കെ സ്ഥാപനങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ഈ സർവ്വകലാശാല സാർവദേശീയ നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ആരോഗ്യ മേഖലയിൽ ഭക്ഷ്യസുരക്ഷയും പോഷക സുരക്ഷയും ഉറപ്പുവരുത്താൻ ഈ സർവ്വകലാശാല എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വെറ്ററിനറി സർവ്വകലാശാല പ്രവർത്തനക്ഷമമാകുമ്പോൾ എത്ര പേർക്ക്, ഏതൊക്കെ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ(എംഎസ്.) നമ്പർ 144/10/എ.ഡി. തീയതി 5-6-2010 പ്രകാരം സംസ്ഥാനത്ത് ഒരു വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി. 14-6-2010-ലെ അസാധാരണ ഗസറ്റ് നമ്പർ 1342 പ്രകാരം ഓർഡിനൻസ് പുറപ്പെടുവിച്ചുവെങ്കിലും ആയത് കഴിഞ്ഞ സമ്മേളനത്തിൽ നിയമമാക്കാൻ കഴിയാത്തതിനാൽ 8-8-2010-ലെ അസാധാരണ ഗസറ്റ് നമ്പർ 1821 പ്രകാരം വീണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചു. പ്രസ്തുത ഓർഡിനൻസിൽ വെറ്ററിനറി സർവ്വകലാശാല പ്രവർത്തിക്കുന്നതിന്റെ മാനദണ്ഡങ്ങളെപ്പറ്റിയും ഭരണനിയന്ത്രണ സമിതികളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി ജൂലൈ 2010-ലെ ഉപധനാഭ്യർത്ഥന പ്രകാരം 2415-03-277-99 കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്ന ശീർഷകത്തിൽ ഒരു കോടി രൂപ അനുവദിക്കുകയും ഈ ശീർഷകത്തിലെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ജി.ഒ.(ആർ.റ്റി.) 7182/10/ഫിൻ തീയതി 28-9-2010 പ്രകാരം ചുമതലപ്പെടുത്തി ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് വെറ്ററിനറി സർവ്വകലാശാലയുടെ വൈസ് ചാൻസിലറായി

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ബി. അശോക്, ഐ.എ.എസ്-നെ നിയമിച്ചു. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ഒരു ലയിസൺ ആഫീസ് താൽക്കാലികമായി തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേക്ക് പദ്ധതിയിനത്തിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിനായി 86.15 കോടിയുടെ ഒരു പ്രൊപ്പോസൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഓർഡിനൻസ് പ്രകാരം കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ പുതിയ നിർദ്ദിഷ്ട യൂണിവേഴ്സിറ്റിയിലേക്ക് മാറ്റി ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

1. കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, മണ്ണുത്തി.

2. കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, പൂക്കോട്

3. ക്ലിനിക്കൽ വെറ്ററിനറി കോംപ്ലക്സ്, കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, പൂക്കോട്

4. കോളേജ് ഓഫ് ഡയറി സയൻസസ് ആന്റ് ടെക്നോളജി, മണ്ണുത്തി.

5. ഇൻസ്ട്രക്ഷണൽ ഫാംസ് അറ്റാച്ച്ഡ് ടു കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, പൂക്കോട്.

6. ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന്, പാലക്കാട്.

7. ബേസ്ഫാം, കോലാഹലമേട്, ഇടുക്കി.

8. യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാം, മണ്ണുത്തി.

9. പിഗ് ബ്രീഡിംഗ് ഫാം, മണ്ണുത്തി.

10. ഗോട്ട് ആന്റ് ഷീപ്പ് ഫാം, മണ്ണുത്തി.

11. റീജിയണൽ കൃാറ്റിൽ ഇൻഫെർട്ടിലിറ്റി റിസർച്ച് സെന്റർ, കോഴിക്കോട്.

12. യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം, മണ്ണുത്തി.

13. ആൾ ഇൻഡ്യ കോ-ഓർഡിനേറ്റഡ് റിസർച്ച് പ്രോജക്റ്റ് ഓൺ പൗൾട്രി, മണ്ണുത്തി.

14. സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡി ഇൻ പൗൾട്രി സയൻസസ്, മണ്ണുത്തി.

15. സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്, മണ്ണുത്തി.

16. മീറ്റ് പ്ലാന്റ്, മണ്ണുത്തി.

LIBRARY ARCHIVES Kerala Legislative Assembly

17. ഡയറി പ്ളാന്റ്, മണ്ണുത്തി.

18. വെറ്ററിനറി ഹോസ്പിറ്റൽ, കൊലക്കലായി, തൃശ്ശൂർ.

19. വെറ്ററിനറി ഹോസ്പിറ്റൽ മണ്ണുത്തി.

20. ക്യാറ്റിൽ ബ്രീഡിംഗ് ഫാം, തുമ്പൂർമുഴി.

(സി) സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് സാർവ്വദേശീയ നിലവാരത്തിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികളുണ്ടാകും. വെറ്ററിനറി സർവ്വകലാശാലയിലെ വിവിധ വിഷയങ്ങളുടെ പഠന നിലവാരം ഇൻഡ്യൻ വെറ്ററിനറി കൗൺസിലിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതും സർവ്വകലാശാല നൽകുന്ന ബിരുദങ്ങൾ ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ അംഗീകരിക്കേണ്ടതുമാണ്. ആയതിനാൽ സർവ്വകലാശാലയുടെ പഠനവിഷയങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഉയർന്ന നിലവാരത്തിൽ ആക്കാനുള്ള നടപടികളും സ്വീകരിക്കും.

(ഡി) സംസ്ഥാനത്തിന്റെ മൃഗസംരക്ഷണ മേഖലയുടെ മൊത്തമായിട്ടുള്ള അഭിവൃദ്ധിക്ക് ഈ സർവ്വകലാശാല പല ഗവേഷണങ്ങൾ നടത്തുന്നതിലൂടെ സാധിക്കുന്നതാണ്. ആരോഗ്യ മേഖലയിൽ ആധുനിക വാക്സിനുകൾ വികസിപ്പിക്കുന്നതിനും ഇതു കൂടാതെ രോഗനിർണ്ണയങ്ങൾക്ക് ആവശ്യമായ കിറ്റുകളും രോഗനിർണ്ണയ നടപടികളും വികസിപ്പിക്കുന്നതിനും സാധിക്കും. നമ്മുടെ സംസ്ഥാനത്ത് എളുപ്പമായി ലഭിക്കുന്ന തീറ്റസാമഗ്രികൾ ഉപയോഗിച്ച് മേൽത്തരം കന്നുകാലി/കോഴിത്തീറ്റകൾ വികസിപ്പിക്കുന്നതിനും ഒരു പ്രധാന പങ്ക് വഹിക്കുന്നതിന് ഈ സർവ്വകലാശാലയ്ക്ക് സാധിക്കും. അത്യുൽപ്പാദന ശേഷിയുള്ളതും നമ്മുടെ സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യ മായുള്ളതുമായ കന്നുകാലി. കോഴി ജനുസുകളെ വികസിപ്പിച്ചെടുക്കുന്നതിനും ടി സർവ്വകലാശാലയ്ക്ക് നല്ലൊരു പങ്ക് വഹിക്കാൻ കഴിയുന്നതാണ്. ഇതു കൂടാതെ കർഷകർക്ക് ശാസ്ത്രീയ രീതിയിലുള്ള മൃഗപരിപാലനങ്ങളിലൂടെ ആദായകരമായി കന്നുകാലികളെ വളർത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള പരിശീലനവും രീതികളും ലഭ്യമാക്കുന്നതിനും സാധിക്കും. സാങ്കേതിക ഉദ്യോഗസ്ഥരുടെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ഫലപ്രദമായി സേവനങ്ങൾ അനുഷ്ഠിക്കുന്നതിന് ഈ സർവ്വകലാശാലയിലൂടെ പരിശീലനങ്ങൾ നൽകുന്നതിന് സാധിക്കും. ആയതുപ്രകാരം ഈ സർവ്വകലാശാലയ്ക്ക് ഭക്ഷ്യ സുരക്ഷയ്ക്കും പോഷക സുരക്ഷയ്ക്കും വളരെയധികം സംഭാവന നൽകുവാൻ കഴിയും.

(ഇ) കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും വേർപെടുത്തി വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരെല്ലാം മേൽ യൂണിവേഴ്സിറ്റിയിലെ ജീവനക്കാരാകും. ജീവനക്കാരുടെ കൃത്യമായ കണക്കുകൾ വെറ്ററിനറി സർവ്വകലാശാല പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ മാത്രമേ ലഭ്യമാക്കാനാകൂ. വെറ്ററിനറി സർവ്വകലാശാലയുടെ പ്രവർത്തനത്തെ തുടർന്ന് മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിൽ ഉണ്ടാകുന്ന സമഗ്രമായ പുരോഗതിയുടെ ഫലമായി സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ ക്ഷീരോല്പാദന/മുട്ടയുൽപ്പാദന/മാംസ ഉല്പാദന മേഖലകളിൽ നിരവധി തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly